19-11-2021

FRIDAY

വെള്ളിയാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU


**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor : George Sebastian** **Editor : Dr Asha T T**



**Farm Information Bureau, Kowdiar, Thiruvananhapuram -695003**

**Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186, 2317314**

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU



Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314


## എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) -19/11/2021

1. അസംഘടിത തൊഴിൽ മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികളെ സംബന്ധിച്ചുള്ള വിവരങ്ങൾ ശേഖരിച്ച സമഗ്രമായ ഒരു ഡാറ്റാബേസ് തയ്യാറാക്കുന്നതിനായി ഇപ്രകാരമുള്ള തൊഴിലാളികളുടെ വിവരങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് കേന്ദ്ര സർക്കാർ തയ്യാറാക്കിയ e - SHRAM പോർട്ടലിൽ വിവിധ മേഖലയിൽ ജോലി ചെയ്യുന്ന അസംഘടിത തൊഴിലാളികൾ 2021 ഡിസംബർ 31 – നു മുൻപായി രജിസ്റ്റർ ചെയ്യേണ്ടതാണ്. ഇതുപ്രകാരം കാർഷിക മേഖലയിലെ അസംഘടിത തൊഴിലാളികൾ ഡിസംബർ 31 നു മുൻപായി www.eshram.gov.in എന്ന വെബ് പോർട്ടലിലൂടെ രജിസ്റ്റർ ചെയ്യണമെന്ന് കൃഷി ഡയറക്ടർ അറിയിച്ചു. ഇപ്രകാരം രജിസ്റ്റർ ചെയ്യുന്ന തൊഴിലാളികൾക്ക് ഏകീകൃത തിരിച്ചറിയൽ കാർഡും ലഭിക്കുന്നതാണ്.

2. അനിമൽ വെൽഫെയർ ബോർഡ് ഓഫ് ഇന്ത്യയുടെ അനുമതി ലഭിച്ച ആനിമൽ വെൽഫെയർ ഓർഗനൈസേഷനുകളിൽ നിന്ന് താൽപര്യ പത്രം ക്ഷണിച്ചു തെരുവുനായ്ക്കളിൽ വന്ധീകരണ പദ്ധതി നടപ്പിലാക്കാനും കേരള ഹൈക്കോടതി വിധി പ്രകാരം തെരുവുനായ്ക്കളെ സംരക്ഷിക്കുന്നതിനായി ആനിമൽ ഷെൽട്ടർ, ആനിമൽ അഡോപ്ഷൻ, ഫീഡിങ്ങ് പോയിന്റ് എന്നിവ നടപ്പിലാക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകാൻ സ്റ്റേറ്റ് ആനിമൽ വെൽഫെയർ ബോർഡിന്റെ യോഗത്തിൽ തീരുമാനിച്ചതായി മൃഗസംരക്ഷണ വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി അറിയിച്ചു.

3. കോഴിക്കോട് ഹോർട്ടികോർപ്പിന്റെ സ്റ്റാളുകളിൽ ഇന്നു (19/11/2021) കൂടെ പച്ചക്കറികൾ പൊതു വിപണിയേക്കാൾ 25% വരെ വിലക്കുറവിൽ ലഭ്യമാകും. കോഴിക്കോട് ഹോർട്ടികോർപ്പിന്റെ വേങ്ങേരി, ചേവരമ്പലം, കക്കോടി, എലത്തൂർ, അത്തോളി, പൂക്കാട്, കൊയിലാണ്ടി, തോടന്നൂർ, വില്യാപ്പള്ളി, ആയഞ്ചേരി, ഓർക്കാട്ടേരി, തണ്ണീർപന്തൽ, മൊകേരി സ്റ്റാളുകളിൽ ഈ ആനുകൂല്യം ലഭ്യമാകുന്നതാണെന്ന് ഹോർട്ടികോർപ്പ് ജില്ലാ മാനേജർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് **8075204894, 8714144834** എന്നീ കസ്റ്റമർ കെയർ നമ്പറുമായി ബന്ധപ്പെടുക.

4. സംസ്ഥാനത്തുണ്ടായ കനത്ത പ്രകൃതിക്ഷോഭത്തിൽ സംഭവിച്ചിട്ടുള്ള കൃഷി നാശനഷ്ടങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിനും ദുരന്ത ലഘൂകരണത്തിനുമായി കൃഷി വകുപ്പ് സംസ്ഥാന തലത്തിലും ജില്ലാതലത്തിലും

കൺട്രോൾ റൂമുകൾ തുറന്നതായി കൃഷി ഡയറക്ടർ അറിയിച്ചു. കർഷകർക്ക് ഇനി പറയുന്ന നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

**സംസ്ഥാനതല കൺട്രോൾ സെൻറർ** - 9447210314

**ജില്ലാതല കൺട്രോൾ സെൻ്ററുകൾ**

| ജില്ല | നമ്പർ |
|---|---|
| തിരുവനന്തപുരം | 9446021290 |
| കൊല്ലം | 9447453040 |
| പത്തനംതിട്ട | 9495734107 |
| ആലപ്പുഴ | 9497787894 |
| കോട്ടയം | 9446430657 |
| എറണാകുളം | 9446518181 |
| ഇടുക്കി | 9447232202 |

| ജില്ല | നമ്പർ |
|---|---|
| തൃശ്ശൂർ | 9383473242 |
| മലപ്പുറം | 9846820304 |
| പാലക്കാട് | 9383471457 |
| കോഴിക്കോട് | 8547802323 |
| കണ്ണൂർ | 9447577519 |
| വയനാട് | 7012568399 |
| കാസർഗോഡ് | 8921995435 |

5. കുടപ്പനക്കുന്ന് പ്രാദേശിക കോഴിവളർത്തൽ കേന്ദ്രത്തിൽ 25 എണ്ണത്തിൽ കൂടുതൽ പൂവൻ കോഴികുഞ്ഞുങ്ങളെ ആവശ്യമുള്ളവർക്ക് പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ 3 മണി വരെ ബുക്ക് ചെയ്യാവുന്നതാണ്. ഒരു ദിവസം പ്രായമായ കുഞ്ഞിന് 10 രൂപ നിരക്കിലാണ് വിൽപ്പന നടത്തുന്നത്. കൂടുതൽ വിവരങ്ങൾക്ക് **0471 2730804** എന്ന നമ്പരിൽ ബന്ധപ്പെടുക.

## പരിശീലന പരിപാടികൾ

6. കോഴിക്കോട് ജില്ലയിൽ 2021-22 ക്വാളിറ്റി കൺട്രോൾ പദ്ധതിയുടെ ഭാഗമായി **ചെറുകിട വളം, കീടനാശിനി ഡിലർമാർക്ക്** ജില്ലാ തലത്തിൽ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. തിക്കോടി , വടകര, പേരാമ്പ്ര, തോടന്നൂർ, തൂണേരി, കുന്നുമ്മൽ ബ്ലോക്ക് പരിധിയിൽ വരുന്ന ഡീലർമാർക്ക് ഈ മാസം **29**-ന് (29/11/2021) രാവിലെ 10.30 നും, കോഴിക്കോട്, കാക്കൂർ, കുന്നമംഗലം, കൊടുവള്ളി, കൊയിലാണ്ടി, ബാലുശ്ശേരി എന്നീ ബ്ലോക്കുകൾക്ക് അന്നേ ദിവസം 2 മണിക്കും നഗര കാർഷിക മൊത്ത വിപണന കേന്ദ്രം, വേങ്ങേരിയിലെ വീഡിയോ കോൺഫറൻസ് ഹാളിൽ വച്ച് പരിശീലനം നടത്തുന്നു. പരിശീലന പരിപാടിയിൽ എല്ലാ ഡീലർമാരും പങ്കെടുക്കണമെന്ന് കോഴിക്കോട് പ്രിൻസിപ്പൽ കൃഷി ഓഫീസർ അറിയിച്ചു.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

7. മലമ്പുഴ സർക്കാർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഇന്ന് (19/11/2021) രാവിലെ 10 മണി മുതൽ വൈകിട്ട് 4 മണി വരെ **"പശു വളർത്തൽ"** എന്ന വിഷയത്തിൽ പരിശീലനം ഉണ്ടായിരിക്കുന്നതാണ്. പങ്കെടുക്കുന്നവർ കോവിഡ് വാക്സിനേഷൻ സർട്ടിഫിക്കറ്റ്, ആധാർ കാർഡ് എന്നിവ കൊണ്ടു വരേണ്ടതാണ്. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് പരമാവധി 30 പേർക്കായിരിക്കും പരിശീലനം. പരിശീലനത്തിൽ പങ്കെടുക്കുന്നവർ **0491-2815454** എന്ന നമ്പറിലേക്ക് വിളിച്ച് മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്

8. ക്ഷീര വികസന വകുപ്പ് വലിയതുറ സ്റ്റേറ്റ് ഫോഡർ ഫാം തീറ്റപുൽ കൃഷി പരിശീലന കേന്ദ്രത്തിൽ **ആദായകരമായ ക്ഷീരോൽപാദനത്തിന് തീറ്റ പുൽകൃഷിയുടെ പ്രാധാന്യം** എന്ന വിഷയത്തെ ആസ്പദമാക്കി ഓഫ്‌ലൈൻ ആയും ഓൺലൈൻ ആയും ഏകദിന പരിശീലന പരിപാടി ഈ മാസം 20 ന് രാവിലെ 10.30 മുതൽ നടത്തുന്നു. പരിശീലന പരിപാടിയിൽ രജിസ്റ്റർ ചെയ്യേണ്ട അവസാന തീയതി ഈ മാസം **19 ആണ്**. രജിസ്റ്റർ ചെയ്യാനായി **https://chat.whatsapp.com/JQgEcnMNylALj0QPZQqBJD** എന്ന ലിങ്കിൽ വാട്ട്സാപ്പ് വഴിയോ **sfftraining2021@gmail.com** എന്ന ഇ-മെയിൽ മുഖേനയോ ബന്ധപ്പെടുക.

9. തിരുവനന്തപുരം ക്ഷീര പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഈ മാസം 22 മുതൽ 27 വരെ (നവംബർ 22 മുതൽ 27) ക്ഷീരകർഷകർക്കായി **ശാസ്ത്രീയ പശുപരിപാലനം** എന്ന വിഷയത്തിൽ രണ്ടു ദിവസത്തെ ക്ലാസ്സ് റൂം പരിശീലനം നടത്തുന്നു. ആദ്യം രജിസ്റ്റർ ചെയ്യുന്ന 30 പേർക്കാണ് അവസരം. രജിസ്ട്രേഷൻ ഫീസ് 20 രൂപയാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ രണ്ട് ഡോസ് കോവിഡ് വാക്സിൻ സ്വീകരിച്ച സർട്ടിഫിക്കറ്റിന്റെ പകർപ്പ്, ആധാർ കാർഡിന്റെ പകർപ്പ്, ബാങ്ക് പാസ്ബുക്കിന്റെ പകർപ്പ് എന്നിവ ഹാജരാക്കേണ്ടതാണ്. താൽപര്യമുള്ളവർ ഈ മാസം **20-നു** മുമ്പായി **0471-2440911** എന്ന ഫോൺ നമ്പരിൽ വിളിച്ചോ ഓഫീസിൽ നേരിട്ട് ഹാജരായോ രജിസ്റ്റർ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ക്ഷീരപരിശീലന കേന്ദ്രം, പൊട്ടക്കുഴി റോഡ്, പട്ടം, പട്ടം പി.ഒ, തിരുവനന്തപുരം-695004 എന്ന മേൽവിലാസത്തിലോ principaldtctvm@gmail.com എന്ന ഇ-മെയിൽ വിലാസത്തിലോ 0471-2440911 എന്ന ഫോൺ നമ്പരിലോ ബന്ധപ്പെടുക.

10. തിരുവനന്തപുരം ജില്ലയിലെ കർഷകർക്ക് **വാണിജ്യാടിസ്ഥാനത്തിൽ ഉള്ള ആട് വളർത്തലിൽ** പരിശീലനം നൽകുന്നു. താൽപര്യമുള്ള കർഷകർ അതാത് പഞ്ചായത്തിലെ മൃഗാശുപത്രിയിൽ ഈ മാസം **20-ന്** (നവംബർ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

20) മുമ്പ് അപേക്ഷ സമർപ്പിക്കേണ്ടതാണെന്ന് തിരുവനന്തപുരം ജില്ലാ മൃഗസംരക്ഷണ ഓഫീസർ അറിയിയ്ക്കുന്നു.

തിരഞ്ഞെടുക്കപ്പെടുന്ന 80 കർഷകർക്ക് പരിശീലനം നൽകുന്നതായിരിക്കും.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുര